**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 08, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*121) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബ്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, മാനവ വിഭവശേഷി വികസനത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനിംഗ് എന്നീ കോഴ്സുകളും സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും സർവകലാശാലകൾ, അസാപ് കേരള എന്നിവ വഴി നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ആമസോൺ, അഡോബി, ഗൂഗിൾ, ഏണസ്റ്റ് & യംഗ് തുടങ്ങിയ വ്യവസായ

സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള കോഴ്സുകൾ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ പരിശീലനത്തിലൂടെ കോഴ്സ് പൂർത്തിയാക്കിയവർക്ക് മുൻനിര കമ്പനികളിൽ ജോലി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻഡസ്ട്രി ഓൺ കാമ്പസ്, കണക്ട് കരിയർ ടു കാമ്പസ് തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും എല്ലാ സർവകലാശാലകളിലും തൊഴിൽമേളകൾ സംഘടിപ്പിക്കുകയും സർക്കാർ/എയ്ഡഡ് കോളേജുകളിൽ ന്യൂജനറേഷൻ കോഴ്സുകൾ അനുവദിക്കുകയും വ്യവസായശാലകളിൽ ഇന്റേൺഷിപ്പും ഇൻഡസ്ട്രിയൽ വിസിറ്റും നടത്തുന്നതിന് സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കി. ഇന്റേൺഷിപ്പിന് ക്രെഡിറ്റ് ഏർപ്പെടുത്തുമെന്നും ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകളും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകളും ആരംഭിച്ചിട്ടുണ്ടെന്നും Earn While You Learn പദ്ധതിയിലൂടെ 20 ലക്ഷം രൂപയുടെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും പോളിടെക്നിക് വഴി നാലായിരത്തിലധികം വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ് ഉറപ്പാക്കിയിട്ടുണ്ടെന്നും സെന്റർ ഫോർ എക്സലൻസ് ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും Centralized Knowledge Repository Platform വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഐ.എച്ച്.ആർ.ഡി. മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ.സി.റ്റി.ഇ. സഹായത്തോടെ ഐഡിയ ലാബ് സ്ഥാപിച്ചുവരുന്നതായും ടാറ്റാ കൺസൾട്ടൻസി സർവ്വീസസുമായി സഹകരിച്ച് ബി.ടെക് കമ്പ്യൂട്ടർ സയൻസ് & ബിസിനസ് സിസ്റ്റം എന്ന കോഴ്സ് ആരംഭിച്ചിട്ടുണ്ടെന്നും ബിരുദ-ബിരുദാനന്തര ഗവേഷണ പ്രോഗ്രാമുകളും ഒമ്പത് നൂതന പഠന വകുപ്പുകളും ആരംഭിക്കുന്നതിന് കേരള സർവകലാശാല നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്ന ഇൻക്യുബേറ്ററുകളും ലാബുകളും കോ വർക്കിംഗ് സ്പേസും അനുബന്ധ സൗകര്യങ്ങളും മഹാത്മാഗാന്ധി സർവകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷൻ ഒരുക്കിയിട്ടുണ്ടെന്നും കോഴിക്കോട് സർവകലാശാല ക്യാമ്പസിൽ ഫാബ്രിക്കേഷൻ ലബോറട്ടറി സ്ഥാപിച്ചിട്ടുണ്ടെന്നും ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്ന രൂപകല്പന ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ വഴി തൊഴിൽ സാദ്ധ്യതകൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും വ്യക്തമാക്കി. തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിന് അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സജ്ജമായി വരികയാണെന്നും കഴക്കൂട്ടം സ്കിൽ പാർക്കിൽ ഓഗ്മെന്റഡ്

റിയാലിറ്റി/വെർച്വൽ റിയാലിറ്റി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയായിവരികയാണെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട് പൊതു അക്കാദമിക് ഫ്രെയിംവർക്ക് തയ്യാറാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*122) <u>മൂല്യവർദ്ധിത കൃഷി മിഷൻ</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെ മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇൻക്യുബേഷൻ സെന്ററുകളും എഫ്.പി.ഒ. (ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ)-കളും നടപ്പാക്കി ഉത്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും കൃഷിയിൽ മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിനും ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും

പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. മിഷന്റെ നടത്തിപ്പിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സബ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതിയ സംരംഭകരെ സഹായിക്കാനായി അഗ്രി ബിസിനസ് ഇൻക്യുബേറ്റർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ടെന്നും അഗ്രോ പ്രോസസിംഗ് യൂണിറ്റുകൾക്ക് വ്യവസായ വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., ഇക്കോഷോപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്നുള്ള പ്രവർത്തനം മൂല്യവർദ്ധിത കാർഷിക മിഷനിലൂടെ സാധ്യമാകുമെന്നും കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കി. ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും 416 കൃഷി ഭവനുകളിൽ ഇതിനകം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും 'കേരൾ അഗ്രോ' എന്ന ബ്രാൻഡിൽ ഓൺലൈൻ വിപണന സംവിധാനത്തിലൂടെ 65 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണയിലെത്തിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൊതു ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിദേശരാജ്യങ്ങളിലേയ്ക്കുടക്കം എത്തിക്കുന്നതിന് നടപടികൾ

സ്വീകരിക്കുമെന്നും സിയാൽ മാതൃകയിൽ കർഷകർക്കുകൂടി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്നും കാർഷിക സർവകലാശാല, സി.റ്റി.സി.ആർ.ഐ. തുടങ്ങിയ സ്ഥാപനങ്ങളിലൂടെ സംരംഭകർക്ക് പരിശീലനം നൽകിവരുന്നുണ്ടെന്നും പ്രായോഗികമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനായി 'VAIGA' (Value Addition for Income Generation in Agriculture) 2023-ൽ ഡി.പി.ആർ. ക്ലിനിക് സംഘടിപ്പിക്കുമെന്നും ബാങ്ക് വായ്പാ നടപടികൾ ത്വരിതപ്പെടുത്തുമെന്നും വ്യക്തമാക്കി. ഉൽപ്പന്നങ്ങളുടെ ആകർഷകമായ പായ്ക്കിംഗിന് മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരാണാപത്രം ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറുകിട കാർഷിക മൂല്യവർദ്ധിത ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അഗ്രോസർവ്വീസ് സെന്ററുകളെ പ്രാപ്തമാക്കുന്നതാണ്. 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ 25000 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചുവെന്നും ശാസ്ത്രീയവും പരമ്പരാഗതവുമായ കൃഷിരീതികൾ അവലംബിക്കുന്നതിനായി 10760 ഫാം പ്ലാനുകൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കൃഷിയിടത്തെ അടിസ്ഥാനപ്പെടുത്തിയുള്ള

ആസൂത്രണം വേണമെന്നും ഭൗമസൂചിക പദവി ലഭ്യമായ ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിന് നടപടി സ്വീകരിക്കുമെന്നും പാലക്കാട് ജില്ലയിലെ മുതലമടയിൽ മാംഗോ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഇൻകെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും നീര യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലാണെന്നും റംബൂട്ടാൻ, മാങ്കോസ്റ്റീൻ തുടങ്ങിയ പഴവർഗ്ഗങ്ങൾ കയറ്റുമതി ചെയ്യുന്നതിനും ജാതിക്ക മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്ന കാര്യവും പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*123) കെ.എസ്.ആർ.ടി.സി. സർവീസുകളുടെ വൈവിധ്യവത്ക്കരണവും വിപുലീകരണവും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി. സർവീസുകളിൽ വൈവിധ്യവത്ക്കരണവും വിപുലീകരണവും നടത്തുന്നുണ്ടെന്നും കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ്-ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും പ്രവർത്തന നവീകരണം സാധ്യമാക്കുന്നതിന് അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. പ്രതിദിന/മാസ കണക്കുകൾ യഥാസമയം രേഖപ്പെടുത്തുന്നതിനും ഓരോ

ബസ്സിന്റെയും യൂണിറ്റുകളുടെയും കണക്കുകൾ വിശകലനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള അക്കൗണ്ട്സ് വിംഗ് ഇ.ആർ.പി. (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) സംവിധാനത്തിലൂടെ വിപുലീകരിക്കുന്നതാണ്. ഗ്രാമവണ്ടി പദ്ധതി ഒമ്പത് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്നും പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ടെന്നും കോവിഡാനന്തരം ബസ് യാത്രികരുടെ എണ്ണത്തിൽ കുറവുണ്ടായെന്നും നിർത്തലാക്കിയ ബസ്സുകൾ ഘട്ടംഘട്ടമായി പുന:സ്ഥാപിക്കുമെന്നും ലാഭകരമാണെങ്കിൽ തണ്ണിത്തോട് - ഗുരുവായൂർ, കോട്ടയം - ആങ്ങമൂഴി ബസ് സർവ്വീസുകൾ മാർച്ച് ഒന്നുമുതൽ പുനരാരംഭിക്കുമെന്നും മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സിന്റെയും ആലുവ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തീകരിക്കുമെന്നും മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം തൊഴിലാളികളുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറാണെന്നും അധികരിക്കുന്ന ഡ്യൂട്ടി സമയത്തിന് ഓവർ ടൈം അലവൻസ് അനുവദിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27(*124) <u>കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, കർഷക കടാശ്വാസ കമ്മീഷൻ 2007-ലാണ് നിലവിൽ വന്നതെന്നും കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയുമാണ് കമ്മീഷൻ ചെയ്യുന്നതെന്നും സഭയെ അറിയിച്ചു. കടാശ്വാസത്തിന് അർഹതയുള്ള കർഷകൻ നിർദ്ദിഷ്ട ഫോറത്തിൽ അനുബന്ധ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതും പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസമായി അനുവദിക്കുന്നതുമാണ്. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെയും എടുത്ത വായ്പകളാണ് കടാശ്വാസത്തിന് പരിഗണിച്ചുവരുന്നതെന്നും മറ്റ് ജില്ലകളിലുള്ളവർ 31.08.2020 വരെ എടുത്ത വായ്പകൾകൂടി പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും അറിയിച്ചു. കോവിഡ്-19 മഹാമാരിമൂലം സിറ്റിംഗ് നടത്താൻ കഴിയാതിരുന്നതും കാലാവധി കഴിഞ്ഞ് ലഭ്യമായവ പരിഗണിക്കാൻ തീരുമാനിച്ചതും അപേക്ഷകളുടെ എണ്ണം വർദ്ധിക്കാൻ കാരണമായെന്നും പരമാവധി വേഗത്തിൽ

അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും 31.03.2020 വരെ രജിസ്റ്റർ ചെയ്ത 6,27,930 അപേക്ഷകളിൽ 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ടെന്നും ഇടുക്കി, കണ്ണൂർ, വയനാട് ജില്ലകളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിനായി സിറ്റിംഗുകൾ ഊർജ്ജിതമായി നടത്തിവരികയാണെന്നും വ്യക്തമാക്കി. കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തതിൽ 158.53 കോടി രൂപ അനുവദിക്കാനുണ്ടെന്നും ഈ സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷനിലൂടെ 16 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ടെന്നും 34 കോടി 90 ലക്ഷം രൂപ ഇക്കൊല്ലം അവാർഡിനായി വിനിയോഗിച്ചിട്ടുണ്ടെന്നും പെൻഡിംഗ് തുക സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാർ വിഹിതത്തിന് കാത്തുനിൽക്കാതെ ഈടുപ്രമാണം തിരികെ നൽകണമെന്ന ഉത്തരവ് ബാങ്കുകൾ കർശനമായി പാലിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*125) <u>ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, വിദ്യാർത്ഥികളുടെ അഭിരുചിക്കനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 'കണക്ട് കരിയർ ടു ക്യാമ്പസ്' പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് DWFS (Digital Work Force management System) എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്നും സഭയെ അറിയിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ കോളേജുകളിലും പുത്തൻ നൈപുണ്യ പരിശീലന പദ്ധതികളെക്കുറിച്ച് അസാപ് പ്രതിനിധികൾ സെമിനാറുകളും വെബിനാറുകളും സംഘടിപ്പിച്ച് പുതിയ ജോലി സാധ്യതകൾ പരിചയപ്പെടുത്തുന്നുണ്ടെന്നും ഹയർ ആൻഡ് ട്രെയിൻ മാതൃകയിൽ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടെന്നും അസാപ് പരിശീലനം നടത്തിവരുന്ന നൈപുണ്യ പരിശീലന കോഴ്സുകളിൽ പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതന ആശയങ്ങൾ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ വഴി

നടപ്പിലാക്കുകയും എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. APJAKTU-നുവേണ്ടി ഏറ്റെടുത്ത സ്ഥലത്തോട് ചേർന്ന് TrEST റിസർച്ച് പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിലുള്ള പി.ജി. പ്രോഗ്രാമുകളിൽ Artificial Intelligence സംബന്ധമായ വിഷയങ്ങൾ ഉൾപ്പെടുത്തി കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ടുപോകാൻ വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കിയിട്ടുണ്ടെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ ഒരു Centralized Knowledge Repository Platform വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള Model Engineering College-നെ Centre of Excellence ആക്കി മാറ്റി പ്രാദേശിക ഗവേഷണ കേന്ദ്രമാക്കി പ്രഖ്യാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "തരംഗ് 2023" എന്ന തൊഴിൽമേള സംഘടിപ്പിച്ചിട്ടുണ്ടെന്നും ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരിച്ചുള്ള 40-ൽപരം പുതിയ കോഴ്സുകൾ എൽ.ബി.എസ്. സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കി. കോളേജ് വിദ്യാഭ്യാസ

വകുപ്പിനുകീഴിലുള്ള എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെല്ലുകൾ സ്ഥാപിക്കുകയും വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്ലേസ്മെന്റ് ഓഫീസർമാർക്കായി "പ്ലേസ്മെന്റ് ഓഫീസർ മീറ്റ് 2022" സംഘടിപ്പിക്കുകയും എല്ലാ ആർട്സ് & സയൻസ് കോളേജുകളിലെയും പ്ലേസ്മെന്റ് ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാർത്ഥികൾക്ക് Career Guidance Placement Cell-കൾ വഴി ട്രെയിനിംഗ് നൽകുന്നതോടൊപ്പം Subject Content Training-കളും ഇന്റേൺഷിപ്പ് അവസരങ്ങളും നൽകിവരുന്നുണ്ട്. എൽ.ബി.എസ്-നുകീഴിലെ കോളേജുകളിലെ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്ലേസ്മെന്റ് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും കേരളത്തിലെ സർവകലാശാലകൾക്ക് അനുയോജ്യമായ വിധത്തിലുള്ള ഒരു ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി KREAP (Kerala Resources for Education Administration and Planning) സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും കേരളത്തിലെ വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്തേയ്ക്ക് പോകുന്ന പ്രവണത

സംബന്ധിച്ച് പഠനം നടത്താൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.